പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4496

17.12. 2014 ൽ മറുപടിക്ക്.

അന്യ സംസ്ഥാന തൊഴിലാളികൾക്ക് തൊഴിൽ സ്ഥലങ്ങളിൽ സുരക്ഷ

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) കേരളത്തിലെ അന്യ സംസ്ഥാന തൊഴിലാളികൾക്ക് തൊഴിൽ സ്ഥലങ്ങളിൽ പലപ്പോഴും അപകടങ്ങൾ സംഭവിക്കാറുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ, ഇത് തടയുന്നതിനും തൊഴിലാളികളുടെ സംരക്ഷണത്തിനുമായി എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; | (ബി) ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ ആക്ട് പ്രകാരം ടി തൊഴിലാളികൾ വ്യാപകമായി പണിയെടുക്കുന്ന നിർമ്മാണ മേഖലയിൽ അവരുടെ സുരക്ഷ, ആരോഗ്യം എന്നിവ സംബന്ധിച്ച് തൊഴിൽ വകുപ്പിലെ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ, ജില്ലാ ലേബർ ഓഫീസർമാർ, അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-1 എന്നിവരുടെ നേതൃത്വത്തിൽ പരിശോധന നടത്തി തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നുണ്ട്. ഇത്തരത്തിൽ പരിശോധന നടത്തുമ്പോൾ ലംഘനങ്ങൾ കണ്ടെത്തിയാൽ തൊഴിലുടമയ്ക്കും കോൺട്രാക്ടറിനും എതിരെ സ്റ്റോപ്പ്മെമ്മോ, പ്രോസിക്യൂഷൻ തുടങ്ങിയ നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇപ്രകാരം ടി മേഖലയിലെ വിവിധ സ്ഥാപനങ്ങളിലായി 26 പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്തിട്ടുള്ളതും 57 സ്ഥാപനങ്ങൾക്ക് സ്റ്റോപ്പ്മെമ്മോ നൽകിയിട്ടുമുണ്ട്. കൂടാതെ, അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ക്ഷേമത്തിനുമായി കേരള മൈഗ്രന്റ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ബിൽ 2014 സർക്കാരിന്റെ പരിഗണനയിലാണ്. |

| | |
|---|---|
| (സി) ഉണ്ടെങ്കിൽ, എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ? | അന്യ സംസ്ഥാന തൊഴിലാളികളെ കൊണ്ട് ജോലി ചെയ്യിക്കുന്ന തൊഴിലുടമകൾ മുഖേന ടി തൊഴിലാളികളുടെ നിർബന്ധിത രജിസ്ട്രേഷൻ, തിരിച്ചറിയൽ കാർഡ്, ചികിത്സാ സഹായം, വിവിധ ക്ഷേമ പ്രവർത്തനങ്ങൾ തുടങ്ങിയ വ്യവസ്ഥകൾ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ.